## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2778** **02.04.2013-ൽ മറുപടി നൽകേണ്ടത്**

### ഭൂനികുതി യഥാസമയം പിരിച്ചെടുക്കുന്നതിന് എസ്.എം.എസ് അലർട്ട് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ ഷാഫി പറമ്പിൽ<br>ശ്രീ പി.സി.വിഷ്ണുനാഥ്<br>ശ്രീ സി.പി.മുഹമ്മദ് | ശ്രീ അടൂർപ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) ഭൂനികുതി യഥാസമയം പിരിച്ചെടുക്കുന്നതിന് എസ്.എം. എസ് അലർട്ട് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. റവന്യൂ വകുപ്പിൽ ഓൺലൈൻ പെയ്മെന്റ് ഗേറ്റ് വേ സംവിധാനം നടപ്പിലാകുന്നതോടുകൂടി യഥാസമയം ഭൂനികുതി ഒടുക്കുന്നത് സംബന്ധിച്ചുള്ള അറിയിപ്പ് എസ്.എം. എസ് അലർട്ട് വഴി നികുതിദായകർക്ക് നൽകുവാൻ കഴിയും. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റവന്യൂ വകുപ്പിലെ ഭൂനികുതി ഒടുക്ക്, തോട്ടനികുതി, കെട്ടിടനികുതി തുടങ്ങി വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യൂ ഭരണത്തിന് കളമൊരുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽനിന്നും വകുപ്പിലേയ്ക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി നികുതിദായകന് സ്വന്തം മൊബൈൽഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാവുന്നതാണ്. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്? | (ഡി) പൊതുമേഖലാ/ഷെഡ്യൂൾഡ് ബാങ്കുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്. |

സെക്ഷൻ ഓഫീസർ